©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 ആഗസ്റ്റ് 21<br>21st August 2018<br>1194 ചിങ്ങം 5<br>5th Chingam 1194<br>1940 ശ്രാവണം 30<br>30th Sravana 1940 | നമ്പർ<br>No. | 34 |

# PART III
# Co-operative Department

### പത്തനംതിട്ട ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : പി. ജെ. അബ്ദുൾ ഗഫാർ)

നമ്പർ എസ്.സി.റ്റി.എം.2819/2016. 2018 ജൂൺ 11.

വിഷയം :—പി. റ്റി. 76-ാം നമ്പർ പത്തനംതിട്ട മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം) സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 21-2-2018-ലെ കെ.896/06-ാം നമ്പർ കത്ത്.

പി. റ്റി. 76-ാം നമ്പർ പത്തനംതിട്ട മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം) കോഴഞ്ചേരി താലൂക്കിൽ 6-7-1989-ൽ രജിസ്റ്റർ ചെയ്ത് 19-9-1989-ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ പ്രവർത്തന പരിധി പത്തനംതിട്ട മുനിസിപ്പാലിറ്റിയുടെ 14, 19 വാർഡ് ഒഴികെയുള്ള സ്ഥലവും കോന്നി ബ്ലോക്കിലെ മൈലപ്ര പഞ്ചായത്ത്, ഇലന്തൂർ ബ്ലോക്കിലെ കോഴഞ്ചേരി, നാരങ്ങാനം, മല്ലപ്പുഴശ്ശേരി, ചെന്നീർക്കര, ഇലന്തൂർ, ഓമല്ലൂർ പഞ്ചായത്തുകളാണ്. ടി സംഘത്തിന്റെ ബൈലോ പ്രകാരം 9 ഭരണസമിതി അംഗങ്ങളാണ് വേണ്ടത്. എന്നാൽ അന്ന് 7 ഭരണസമിതി അംഗങ്ങളാണ് ഉണ്ടായിരുന്നത്. ടി 7 അംഗങ്ങളിൽ രണ്ട് പേർ രാജിവച്ചതിനെ തുടർന്ന് സംഘം ഭരണസമിതിയുടെ ക്വാറം നഷ്ടപ്പെടുകയും സംഘത്തിൽ ഭരണ സ്തംഭനം ഉണ്ടാകുകയും ചെയ്തു. ഈ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കോന്നി യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററായും 5-6-2006-ലെ എസ്.സി.റ്റി.എം. 7471/2006-ാം നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുള്ളതാണ്. അതിനുശേഷം 31-12-2013 വരെ സംഘം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലായിരുന്നു. പിന്നീട് സംഘത്തിൽ യാതൊരുവിധ പ്രവർത്തനങ്ങളും നടന്നിട്ടില്ല. സംഘം പ്രവർത്തിച്ചുകൊണ്ടിരുന്ന മുനിസിപ്പാലിറ്റി കെട്ടിടത്തിന്റെ വാടക നൽകാത്ത സാഹചര്യത്തിൽ മുറി പൂട്ടി മുനിസിപ്പാലിറ്റി അധികൃതർ സീൽ ചെയ്തിരിക്കുകയാണ്. കൂടാതെ സംഘത്തിന്റെ റിക്കാർഡുകളും ഫർണിച്ചറുകളും മുനിസിപ്പാലിറ്റി അധികൃതരുടെ ചുമതലയിലാണ് എന്ന് കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സംഘം പുനരുദ്ധീകരിക്കുന്നതിന് യാതൊരുവിധ സാധ്യതയും ഇല്ലാത്തതിനാലും ബന്ധപ്പെട്ട സർക്കിൾ സഹകരണ യൂണിയൻ, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ എന്നിവർ ടി വിഷയം സംബന്ധിച്ച് എതിർ അഭിപ്രായം നൽകാത്തതുമായ സാഹചര്യത്തിൽ സംഘത്തിന്റെ പ്രവർത്തനം സുഗമമായി നടത്തിക്കൊണ്ടുപോകുന്നതിന് കഴിയില്ല എന്ന് ഉത്തമ ബോധ്യംവന്ന സാഹചര്യത്തിലും കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ ശുപാർശയും പരിഗണിച്ച് കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ട് താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

പി. റ്റി. 76-ാം നമ്പർ പത്തനംതിട്ട മാർക്കറ്റിംഗ് സഹകരണസംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് കോഴഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കോന്നി യൂണിറ്റ് ഇൻസ്പെക്ടർ സഹകരണ നിയമം വകുപ്പ് 71 പ്രകാരം ലിക്വിഡേറ്ററുടെ ചുമതല ഉടൻ ഏറ്റെടുക്കേണ്ടതും ചാർജ്ജ് ഏറ്റെടുത്ത വിവരവും ഏറ്റെടുത്തിട്ടുള്ള മുതലുകളുടേയും റിക്കാർഡുകളുടേയും വിവരങ്ങൾ സഹിതം യഥാസമയം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ചാർജ്ജ് ഏറ്റെടുത്തതിനുശേഷം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തേണ്ടതും ലിക്വിഡേഷൻ തീയതിയിലെ ബാക്കിപത്രം തയ്യാറാക്കി ക്ലെയിം നോട്ടീസ് പ്രസിദ്ധീകരിക്കുന്നതിലേക്കായി 3 പ്രതികൾ ഈ ആഫീസിൽ സമർപ്പിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്, (ഒപ്പ്)
പത്തനംതിട്ട. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ : ജി. ശ്രീകുമാർ)

നമ്പർ എ. ഇ. എൽ. 4138/2014. 2018 ജൂൺ 29.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—എ. 1023-ാം നമ്പർ ലിസ്യു ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം)—1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) ഈ ആഫീസിലെ 3-7-2013-ലെ എച്ച്.എം. 6695/12-ാം നമ്പർ ഉത്തരവ്.

(2) ലിക്വിഡേറ്ററുടെ 31-5-2018-ലെ ഇ. 881/13-ാം നമ്പർ ഉത്തരവ്.

(3) കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 31-5-2018-ലെ ഇ. 881/13(1)-ാം നമ്പർ കത്ത്.

എ. 1023-ാം നമ്പർ ലിസ്യു ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 73(3) അനുസരിച്ച് അന്തിമമായി സമാപ്തീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവ് അംഗീകരിച്ചുകൊണ്ട് 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 അനുസരിച്ച് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (3) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

എ. 1023-ാം നമ്പർ ലിസ്യു ലേബർ കോൺട്രാക്ട് സഹകരണ സംഘം (ക്ലിപ്തം)-ന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം 74-ാം വകുപ്പ് പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ ലഭ്യമായ റിക്കാർഡുകൾ ലിക്വിഡേറ്റർ മൂന്നുവർഷം സൂക്ഷിക്കേണ്ടതും അതിനുശേഷം ഈ ആഫീസിന്റെ അനുവാദം വാങ്ങി നശിപ്പിക്കേണ്ടതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ഒപ്പ്)
(ജനറൽ) ആഫീസ്, ആലപ്പുഴ. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## കോട്ടയം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : ശ്രീ. എം. ബിനോയ് കുമാർ)

നമ്പർ എ. ഇ. എൽ./7441/2012. 2018 ജൂൺ 12.

വിഷയം :—സമാപ്തീകരണം—കെ. 389 വെമ്പള്ളി പ്രൈവറ്റ് സ്കൂൾ എംപ്ലോയീസ് സഹകരണ സംഘം—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന :—(1) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 15-6-2013-ലെ എ. ഇ. എൽ./7441/12 നമ്പർ ഉത്തരവ്.

(2) ബഹു. സഹകരണസംഘം രജിസ്ട്രാറുടെ 23-5-2018-ലെ എ. ഇ. എൽ./27948/13 K.Dis. നമ്പർ ഉത്തരവ്.

(3) കോട്ടയം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 9-3-2018-ലെ AEL/7441/12 നമ്പർ ഉത്തരവ്.

(4) മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 25-4-2018-ലെ K389/2015 നമ്പർ കത്ത്.

(5) സംഘം ലിക്വിഡേറ്ററുടെ 7-2-2018-ലെ 1-ാം നമ്പർ തീരുമാനം.

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ പ്രവർത്തിച്ചിരുന്ന കെ. 389 വെമ്പള്ളി പ്രൈവറ്റ് സ്കൂൾ എംപ്ലോയീസ് സഹകരണസംഘം പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് സൂചന (1) ഉത്തരവ് പ്രകാരം ലിക്വിഡേഷനിലാണ്. മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ കിടങ്ങൂർ യൂണിറ്റ് ഇൻസ്പെക്ടർ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി 7-3-2014-ൽ ചാർജ്ജെടുത്ത് ക്രമപ്രകാരം ലിക്വിഡേഷൻ നടപടികൾ നടത്തിവന്നിരുന്നതാണ്. ഇപ്പോൾ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ എല്ലാം പൂർത്തിയായതിനെതുടർന്ന് സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവ് ലഭിക്കുന്നതിനായി സൂചന (5) പ്രകാരം ലിക്വിഡേറ്റർ തീരുമാനമെടുത്ത് സൂചന (4) പ്രകാരം മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അപേക്ഷ ഈ ആഫീസിൽ സമർപ്പിച്ചിരിക്കുന്നു. ടി സംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച് നാളിതുവരെയുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്.

ലിക്വിഡേറ്റർ 7-3-2014-ൽ ചാർജ്ജെടുക്കുകയും ക്രമപ്രകാരം ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്നാൽ നാളിതുവരെ യാതൊരുവിധ ക്ലെയിമുകളും ലഭ്യമായിട്ടില്ലാത്തതായി ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട്. തുടർന്ന് സംഘത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ അക്കൗണ്ടുകളിലും നടപടികൾ അവസാനിപ്പിച്ച് തുക ലിക്വിഡേറ്ററുടെ പേരിൽ കോട്ടയം ജില്ലാ സഹകരണബാങ്കിന്റെ പാലാ ശാഖയിൽ ആരംഭിച്ച അക്കൗണ്ടിലേക്ക് മാറ്റി. ഈടാക്കിയെടുക്കാൻ സാധിക്കുന്ന പരമാവധി ആസ്തികൾ ഈടാക്കിയെടുക്കുകയും കൊടുത്തുതീർക്കാൻ സാധിക്കുന്ന ബാധ്യതകൾ കൊടുത്തു തീർക്കുകയും ചെയ്തശേഷം അവസാനിക്കുന്നവ എഴുതിത്തള്ളി സൂചന (3) പ്രകാരം ഉത്തരവ് നൽകിയിട്ടുള്ളതാണ്. ലിക്വിഡേഷൻ ചാർജ്ജിനത്തിൽ ` 5,616 സർക്കാരിലേക്ക് അടച്ചിട്ടുള്ളതാണ്. സംഘത്തിന് ഗവ. കുടിശ്ശികകൾ യാതൊന്നും ഇല്ലാത്തതാണ്. ലിക്വിഡേഷൻ നടപടികൾ അവസാനിച്ചശേഷം ബാക്കിവന്ന ` 33,705.85 കോമൺ ലിക്വിഡേഷൻ ഫണ്ടിലേക്ക് മാറ്റിയിട്ടുള്ളതാണ്. ലിക്വിഡേറ്ററുടെ വരവ്-ചെലവ് കണക്കുകളും ബന്ധപ്പെട്ട രേഖകളും എ. ഇ. എൽ. ആഡിറ്റിന് വിധേയമാക്കിയിട്ടുള്ളതാണ്. ബഹുമാനപ്പെട്ട സഹകരണസംഘം രജിസ്ട്രാറുടെ സൂചന (2) ഉത്തരവ് പ്രകാരം സംഘത്തിന്റെ ലിക്വിഡേറ്റർക്ക് 14-6-2018 വരെ കാലാവധിയുണ്ട്. ലിക്വിഡേറ്റർ ചാർജ് എടുത്ത തീയതിയിലെ ബാക്കിപത്രം, നാളിതുവരെയുള്ള വരവ്-ചിലവ് കണക്കുകൾ, ഇപ്പോഴത്തെ ബാക്കിപത്രം എന്നിവ താഴെ പറയും പ്രകാരമാണ്.

### ലിക്വിഡേറ്റർ ചാർജ് എടുത്ത തീയതിയിലെ ബാക്കിപത്രം

| ബാദ്ധ്യത | തുക ` | ആസ്തി | തുക ` |
|---|---|---|---|
| ഓഹരി | 9,170.00 | ട്രഷറി നിക്ഷേപം | 4,400.00 |
| നിക്ഷേപം | 3,005.75 | ബാങ്ക് നിക്ഷേപം | 20,138.07 |
| കരുതൽ ധനം | 2,199.43 | കരുതൽ ധനം | 180.23 |
| തേയ്മാന ഫണ്ട് | 831.00 | ലോൺ | 5,525.80 |
| ലോണിനുള്ള കരുതൽ | 5,525.80 | പലിശ കിട്ടാനുള്ളത് | 18,181.68 |
| തൻചിലവ് കരുതൽ | 364.00 | പലവക | 82.80 |
| കുടിശ്ശിക പലിശ കരുതൽ | 18,181.68 | അകസാമാനം | 831.00 |
| കൊടുക്കാനുള്ള പലിശ | 1,922.70 | അഡ്വാൻസ് ഡ്യൂ റ്റു | 1,12,932.63 |
| സിൽബന്ധി ചിലവും തൻചിലവും | 1,159.20 | അറ്റനഷ്ടം | 13,132.40 |
| കിട്ടാക്കടം കരുതൽ | 3,260.45 | | |
| അഡ്വാൻസ് ഡ്യൂ ബൈ | 1,17,359.95 | | |
| വീതിക്കാത്ത ലാഭം | 12,206.59 | | |
| വിദ്യാഭ്യാസ ഫണ്ട് | 218.06 | | |
| ആകെ | 1,75,404.61 | ആകെ | 1,75,404.61 |

നാളിതുവരെയുള്ള വരവ്-ചെലവ് കണക്ക്

| വരവ് | തുക ₹ | ചെലവ് | തുക ₹ |
|---|---|---|---|
| കാണക്കാരി SCB SB | 2,607.02 | അഡ്മിനിസ്ട്രേറ്റർ DCB (കുറവിലങ്ങാട് SB 5874) | 25,631.85 |
| DCB കുറവിലങ്ങാട് SB 62 | 5,184.00 | ലിക്വിഡേറ്റർ SB SOC 74 കുറവിലങ്ങാട് | 37,221.85 |
| കുറവിലങ്ങാട് SCB SB 5732 | 4,398.00 | ലിക്വിഡേറ്റർ അക്കൗണ്ട് DCB പാല | 39,501.85 |
| DCB ഏറ്റുമാനൂർ SB 9 | 4,688.60 | ബാങ്ക് ചാർജ്ജ് | 58.00 |
| പലിശ വരവ് | 8,754.23 | വിദ്യാഭ്യാസ ഫണ്ട് | 220.00 |
| SB 5874 | 25,631.85 | ലിക്വിഡേഷൻ ചാർജ് | 5,616.00 |
| പലിശ വരവ് | 11,590.00 | സീൽ | 180.00 |
| പലിശ | 2,338.00 | കോമൺ ലിക്വിഡേഷൻ ഫണ്ട് | 33,705.85 |
| കുറവിലങ്ങാട് SCB SOC 74 | 37,221.85 | | |
| ഫർണിച്ചർ വിറ്റുവരവ് | 220.00 | | |
| ബാങ്ക് നിക്ഷേപം | 39,501.85 | | |
| ആകെ | 1,42,135.40 | ആകെ | 1,42,135.40 |

ഇപ്പോഴത്തെ ബാക്കിപത്രം

| ബാദ്ധ്യത | തുക | ആസ്തി | തുക |
|---|---|---|---|
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

കെ. 389 വെമ്പള്ളി പ്രൈവറ്റ് സ്കൂൾ എംപ്ലോയീസ് സഹകരണസംഘത്തിന്റെ ലിക്വിഡേഷൻ സംബന്ധിച്ച നടപടികൾ എല്ലാം പൂർത്തിയായതായും, ആയതിനാൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണ് എന്നും സൂചന (4) അപേക്ഷയിൽ മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിട്ടുണ്ട്. മേൽ സാഹചര്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സൂചന (4) മീനച്ചിൽ അസിസ്റ്റന്റ് രജിസ്ട്രാറുടെ അപേക്ഷ, സൂചന (5) ലിക്വിഡേറ്ററുടെ തീരുമാനം എന്നിവ പരിഗണിച്ച് കെ 389 വെമ്പള്ളി പ്രൈവറ്റ് സ്കൂൾ എംപ്ലോയീസ് സഹകരണ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

കെ. 389 വെമ്പള്ളി പ്രൈവറ്റ് സ്കൂൾ എംപ്ലോയീസ് സഹകരണസംഘത്തിന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും, ടി സംഘത്തിന്റെ പേര്, സംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കംചെയ്തുകൊണ്ടും ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും, രേഖകളും, ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും, അതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടെ മാത്രം നശിപ്പിക്കാവുന്നതുമാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
കോട്ടയം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

---

## മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) നടപടിക്രമം

(ഹാജർ : ശ്രീ. എം. റ്റി. ദേവസ്യ)

(1)

നമ്പർ എ. ഇ. എൽ. 10327/89. 2018 മേയ് 22.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം-എം. 13 പൊന്നാനി താലൂക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം—സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച്—രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) മലപ്പുറം ജില്ലാ സഹകരണ സംഘം (ജനറൽ) ജോയിന്റ് രജിസ്ട്രാറുടെ 10-7-1989-ാം തീയതിയിലെ എച്ച്. എം. സി. 5179/1989-ാം നമ്പർ ഉത്തരവ്.

(2) സഹകരണസംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)-ടെ 4-2-2017-ലെ എ. ഇ. എൽ 29095/2015-ാം നമ്പർ ഉത്തരവ്.

(3) മലപ്പുറം ജില്ലാ സഹകരണ സംഘം (ജനറൽ) ജോയിന്റ് രജിസ്ട്രാറുടെ 31-8-2017-ലെ എ. ഇ. എൽ. 10327/89-ാം നമ്പർ ഉത്തരവ്.

(4) മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 24-4-2018-ലെ 10327/89/എ. ഇ. എൽ. നമ്പർ ഉത്തരവ്.

(5) സംഘം പൊതുയോഗത്തിന്റെ 18-5-2018-ലെ നടപടിക്രമങ്ങൾ.

(6) സംഘം ലിക്വിഡേറ്ററുടെ 19-5-2018-ലെ അപേക്ഷ.

(7) പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാറുടെ 19-5-2018-ാം തീയതിയിലെ പി. 279/89-ാം നമ്പർ കത്ത്.

മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ പൊന്നാനി ആസ്ഥാനമായി ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘമായി 1-1-1974-ൽ രജിസ്റ്റർ ചെയ്ത് 28-1-1974 മുതൽ പ്രവർത്തിച്ച് വന്നിരുന്ന എം. 13 പൊന്നാനി താലൂക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ പൊന്നാനി യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ചതിന്റേയും അടിസ്ഥാനത്തിൽ 1-7-1990-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത് ലിക്വിഡേഷൻ നടപടികൾ തുടർന്ന് വരികയുമുണ്ടായി.

ലിക്വിഡേറ്റർ ചാർജെടുത്ത തീയതിയിലെ ബാക്കിപത്രം താഴെ നൽകുന്നു

| ബാധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി മൂലധനം | | | |
| വ്യക്തികൾ | 8390.00 | ക്യാഷ് അറ്റ് ബാങ്ക് | 313.56 |
| സർക്കാർ | 5000.00 | | |
| തേയ്മാന ഫണ്ട് | 213.25 | ഷെയർ ഇൻ അതർ സൊസൈറ്റീസ് | 100.00 |
| എസ്റ്റാബ്ലിഷ്മെന്റ് ചാർജ് | 510.00 | ഓഫീസ് എക്യൂപ്മെന്റ് | 213.25 |
| സാലറി പ്രൊവിഷൻ ഒബ്ജക്ടഡ് | 200.00 | ഡ്യൂ റ്റു സൊസൈറ്റി | 50476.04 |
| അഡ്ജസ്റ്റ്മെന്റ് ഡ്യൂബൈ | 43150.91 | നെറ്റ് ലോസ്സ് | 6361.31 |
| ആകെ | 57464.16 | ആകെ | 57464.16 |

ലിക്വിഡേഷൻ നടപടികളുടെ ഭാഗമായി സംഘത്തിലേക്ക് നിയമാനുസൃതം ലഭിക്കാനുള്ള ആസ്തികൾ പിരിച്ചെടുക്കുന്നതിനും കൊടുക്കാനുള്ള ബാധ്യതകൾ കൊടുത്ത് തീർക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും ലിക്വിഡേറ്റർ സ്വീകരിക്കുകയുണ്ടായി. സംഘത്തിന്റെ പേരിൽ ബാങ്ക് അക്കൗണ്ടിൽ ബാക്കി നിന്നിരുന്ന തുകയും ആയതിൻമേൽ ആർജ്ജിച്ച പലിശയും ഉൾപ്പെടെ പിൻവലിക്കുകയും ടി തുകയും പരാമർശം (3) പ്രകാരം പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ പേരിലുള്ള കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിന്നും അനുവദിച്ച തുകയും കൂടി ചേർത്ത് സർക്കാർ ഓഹരി ഇനത്തിൽ ബാധ്യതയായി നിന്നിരുന്ന ₹ 5,000 അടവാക്കുകയും ചെയ്തു.

സംഘത്തിൽ നിന്നും ആർക്കെങ്കിലും ഏതെങ്കിലും രീതിയിലുള്ള തുകകളോ അവകാശങ്ങളോ ലഭിക്കാനുണ്ടെങ്കിൽ ആയത് സംബന്ധിച്ച അവകാശവാദം ഉന്നയിക്കുന്നതിലേക്കായി നിയമാനുസൃതമായ ക്ലെയിം നോട്ടീസ് ലിക്വിഡേറ്റർ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. തുടർന്ന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടും ലഭ്യമായ സംഘം രേഖകളിൽ ബാക്കി നിന്നിരുന്ന യാതൊരു നിലക്കും പിരിച്ചെടുക്കാൻ സാധിക്കാത്ത ₹ 56595.16-ന്റെ താഴെ പറയുന്ന ആസ്തികളും കൊടുത്ത് തീർക്കാൻ സാധിക്കാത്ത താഴെ പറയുന്ന ₹ 56595.16-ന്റെ ബാധ്യതകളും യഥാക്രമം എഴുതിത്തള്ളുന്നതിനും കണ്ട് കെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം എഴുതിത്തള്ളുന്നതിനും കണ്ട് കെട്ടുന്നതിനും അനുമതി നൽകി ഉത്തരവാകുകയും ചെയ്തു.

| ബാധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി | | | |
| വ്യക്തികൾ | 8390.00 | ഇൻവെസ്റ്റ്മെന്റ് ഇൻ ഷെയർ | 100.00 |
| തേയ്മാന ഫണ്ട് | 213.25 | ഓഫീസ് എക്യൂപ്മെന്റ് | 213.25 |
| എസ്റ്റാബ്ലിഷ്മെന്റ് ചാർജ് | 510.00 | ഡ്യൂ റ്റു സൊസൈറ്റി | 50476.04 |
| സാലറി പ്രൊവിഷൻ ഒബ്ജക്ടഡ് | 200.00 | നെറ്റ് ലോസ്സ് | 5805.87 |
| | | ആകെ | 56595.16 |
| അഡ്ജസ്റ്റ്മെന്റ് ഡ്യൂബൈ | 43150.91 | | |
| കോമൺ ലിക്വിഡേഷൻ ഫണ്ട് | 4131.00 | | |
| ആകെ | 56595.16 | | |

നാളിതുവരെയുള്ള ലിക്വിഡേറ്ററുടെ വരവ് ചെലവ് കണക്ക് താഴെ നൽകുന്നു

| വരവ് | തുക ` | ചെലവ് | തുക ` |
|---|---|---|---|
| ബാങ്ക് അക്കൗണ്ട് പിൻവലിച്ചത് | 869.00 | ബാങ്ക് അക്കൗണ്ട് പലിശ നിക്ഷേപിച്ചത് | 555.44 |
| ബാങ്ക് നിക്ഷേപ പലിശ | 555.44 | സർക്കാർ ഓഹരി അടവാക്കിയത് | 5000.00 |
| കോമൺ ലിക്വിഡേഷൻ ഫണ്ട് | 4131.00 | ബാധ്യതകൾ കണ്ടുകെട്ടിയത് | 56595.16 |
| ആസ്തികൾ എഴുതി തള്ളിയത് | 56595.16 | | |
| ആകെ | 62150.60 | ആകെ | 62150.60 |

മേൽ പ്രകാരമുള്ള നടപടികൾക്കുശേഷം സംഘം കണക്കിൽ ആസ്തി ഇനത്തിലും ബാധ്യത ഇനത്തിലും ബാക്കി നിൽപ്പ് യാതൊന്നുമില്ല. ലിക്വിഡേറ്റർ പിരിച്ചെടുത്ത ബാങ്ക് നിക്ഷേപത്തുക മുഴുവനായും സർക്കാർ ഓഹരി ഇനത്തിലേക്ക് അടവാക്കിയതിനാൽ ലിക്വിഡേഷൻ ഫണ്ടിലേക്ക് തുക അടവാക്കാൻ സാധിച്ചിട്ടില്ല. നാളിതുവരെയുള്ള കണക്കുകളുടെ ആഡിറ്റ് ലിക്വിഡേഷൻ ആഡിറ്റർ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

സമാപ്തീകരണത്തിന്റെ ഭാഗമായി പരാമർശം (5) പ്രകാരം അന്തിമ പൊതുയോഗം 18-5-2018-ന് ലിക്വിഡേറ്റർ വിളിച്ച് ചേർക്കുകയുണ്ടായി. ടി യോഗത്തിൽ ലിക്വിഡേറ്റർ മാത്രമാണ് പങ്കെടുത്തത്. നാളിതുവരെയുള്ള ലിക്വിഡേറ്ററുടെ പ്രവർത്തനങ്ങൾ, വരവ് ചെലവ് കണക്കുകൾ എന്നിവ വായിച്ച് റിക്കാർഡാക്കുകയും ചെയ്തിട്ടുണ്ട്. കേരള സഹകരണ സംഘം നിയമം വകുപ്പ് 73 (3) പ്രകാരം ലിക്വിഡേറ്റർ അന്തിമ റിപ്പോർട്ട് സമർപ്പിച്ചു. സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ചതിനാൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് ലിക്വിഡേറ്റർ സമർപ്പിച്ച പരാമർശം (6) അപേക്ഷയുടെയും പരാമർശം (7) പ്രകാരമുള്ള പൊന്നാനി അസിസ്റ്റന്റ് രജിസ്ട്രാറുടെ റിപ്പോർട്ടിന്റേയും ശുപാർശയുടേയും അടിസ്ഥാനത്തിൽ പൊന്നാനി താലൂക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ എം.13-ന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത് സംബന്ധിച്ച് താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

പൊന്നാനി താലൂക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 13-ന്റെ അന്തിമ സമാപ്തീകരണം സംഘം ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്ത്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969, ചട്ടം 70 പ്രകാരം മൂന്ന് വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

(2)

നമ്പർ എ. ഇ. എൽ. 2742/2013/കെ.ഡിസ്. 2018 മേയ് 31.

വിഷയം :—സഹകരണ വകുപ്പ്—സമാപ്തീകരണം—മലപ്പുറം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം എം. 546—സമാപ്തീകരണ നടപടികൾ പൂർത്തീകരിച്ച് രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 29-10-2012-ാം തീയതിയിലെ എസ്. സി. ടി. 6721/2004-ാം നമ്പർ ഉത്തരവ്.

(2) മലപ്പുറം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 31-8-2017-തീയതിയിലെ എ. ഇ. എൽ. 2742/2013-ാം നമ്പർ ഉത്തരവ്.

(3) മലപ്പുറം ജില്ലാ ട്രഷറി ഓഫീസറുടെ 18-9-2017-ലെ എസ്. ബി./1197/2017-ാം നമ്പർ കത്ത്.

(4) സഹകരണസംഘം അഡീഷണൽ രജിസ്ട്രാർ (ക്രഡിറ്റ്)-ന്റെ 6-1-2018-ലെ എ. ഇ. എൽ. 53082/6-ാം നമ്പർ ഉത്തരവ്.

(5) മലപ്പുറം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 27-3-2018-ാം തീയതിയിലെ എ. ഇ. എൽ. 2742/2013-ാം നമ്പർ ഉത്തരവ്.

(6) സംഘം ലിക്വിഡേറ്ററുടെ 26-5-2018-തീയതിയിലെ എം. 898/2013-ാം നമ്പർ റിപ്പോർട്ട്.

(7) മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാറുടെ 26-3-2018-ലെ എം. 898/2013-ാം നമ്പർ കത്ത്.

മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മേൽമുറി ആസ്ഥാനമായി കേരള സഹകരണ സംഘം നിയമം ചട്ടം 15 (9) പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ ഗണത്തിൽപ്പെടുത്തി 23-2-1998-ന് രജിസ്റ്റർ ചെയ്ത 13-3-1998-ന് പ്രവർത്തനം ആരംഭിച്ച മലപ്പുറം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 546, കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം സമാപ്തീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ മലപ്പുറം യൂണിറ്റ് ഇൻസ്പെക്ടറെ സംഘം ലിക്വിഡേറ്ററായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ 27-4-2013-ന് ലിക്വിഡേറ്റർ ചാർജ്ജെടുത്ത് ലിക്വിഡേഷൻ നടപടികൾ തുടർന്ന് വരികയുമുണ്ടായി.

ലിക്വിഡേറ്റർ ചാർജെടുത്ത തീയതിയിലെ ബാക്കിപത്രം താഴെ നൽകുന്നു.

| | ബാധ്യതകൾ | തുക ₹ | | ആസ്തികൾ | തുക ₹ |
|---|---|---|---|---|---|
| 1. | ഓഹരി-എ ക്ലാസ് | 60,000 | 1. | ക്യാഷ് ഇൻ ഹാന്റ് | 32 |
| | ബി ക്ലാസ്സ് | 1,000 | | | |
| | സി ക്ലാസ്സ് | 20,000 | | | |
| 2. | തേയ്മാന ഫണ്ട് | 28,701.60 | 2. | ക്യാഷ് അറ്റ് ബാങ്ക് | 1,930 |
| 3. | റിസർവ്വ് ഫോർ ഡ്യൂടു | 1,21,200 | 3. | സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇൻവെസ്റ്റ്മെന്റ് | 500 |
| 4. | ഇന്ററസ്റ്റ് പേയബിൾ | 549.50 | 4. | മിസലേനിയസ് | 552 |
| 5. | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 500 | 5. | ഫർണിച്ചർ | 8,975 |
| 6. | സിൽബന്തി ചെലവ് | 18,097 | 6. | ഫിക്സ്ചേഴ്സ് & ഫിറ്റിംഗ്സ് | 450 |
| 7. | അഡ്ജസ്റ്റിംഗ് ഹെഡ് ഡ്യൂബൈ | 1,90,737.80 | 7. | വർക്ക് ടൂൾസ് | 22,572.70 |
| | | | 8. | അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യൂടു | 1,21,200 |
| | | | 9. | നെറ്റ് ലോസ് | 2,84,574.20 |
| | ആകെ | 4,40,785.90 | | ആകെ | 4,40,785.90 |

തുടർ നടപടികളുടെ ഭാഗമായി ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തി. സംഘം ആസ്തിയിനത്തിൽ ബാക്കി നിൽപ്പുണ്ടായിരുന്ന ട്രഷറി നിക്ഷേപം (ടി. പി. എ. 554 നമ്പർ അക്കൗണ്ട്) പരാമർശം (3) പ്രകാരം സർക്കാരിന്റെ 2075-00-911-99 എന്ന അക്കൗണ്ടിലേക്ക് മാറ്റിയതായി ജില്ലാ ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ ബാക്കി നിന്നിരുന്ന നിക്ഷേപം പിൻവലിച്ച് 15% ലിക്വിഡേഷൻ ഫണ്ടിലേക്ക് അടവാക്കുകയും ബാക്കി തുകയും പരാമർശം (5) ഉത്തരവ് പ്രകാരം മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാറുടെ കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച തുകയും ഉൾപ്പെടെ സർക്കാർ ഓഹരി ഇനത്തിൽ ബാക്കി നിന്നിരുന്ന തുകയിലേക്ക് അടവാക്കി ടി ഇനത്തിലെ ബാധ്യതയും ആഡിറ്റ് ഫീ ഇനത്തിൽ ബാക്കി നിന്നിരുന്ന തുകയിലേക്ക് അടവാക്കി ടി ബാദ്ധ്യതയും തീർക്കുകയുണ്ടായി. എ. ഇ. എൽ. ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

ലിക്വിഡേറ്റർ ചാർജ്ജെടുത്തതിനുശേഷമുള്ള വരവ് ചെലവ് കണക്കുകൾ താഴെ നൽകുന്ന

| | വരവ് | തുക ₹ | | ചെലവ് | തുക ₹ |
|---|---|---|---|---|---|
| 1. | ബാങ്ക് നിക്ഷേപം പലിശ ഉൾപ്പെടെ പിൻവലിച്ചത് | 2,086 | 1. | സർക്കാർ ഓഹരി | 20,000 |
| 2. | കോമൺ ലിക്വിഡേഷൻ ഫണ്ടിൽ നിന്നും അനുവദിച്ചത് | 20,829 | 2. | ലിക്വിഡേഷൻ ഫണ്ട് | 313 |
| | | | 3. | കോമൺ ലിക്വിഡേഷൻ ഫണ്ട് | 105 |
| | | | 4. | ആഡിറ്റ് ഫീസ് | 2,497 |
| | ആകെ | 22,915 | | ആകെ | 22,915 |

മേൽ നടപടികൾക്ക് ശേഷം യാതൊരു നിലയ്ക്കും പിരിച്ചെടുക്കാനും കൊടുത്ത് വീട്ടാനും സാധിക്കാത്തവ എഴുതി തള്ളുന്നതിനും കണ്ടുകെട്ടുന്നതിനും ലിക്വിഡേറ്റർ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം താഴെ പറയും പ്രകാരം ₹ 4,18,288.90-ന്റെ ബാധ്യതകൾ കണ്ടുകെട്ടിയും ₹ 4,38,855.90-ന്റെ ആസ്തികൾ എഴുതിതള്ളിയും ഉത്തരവാകുകയുണ്ടായി.

| | ബാധ്യതകൾ | തുക ₹ | | ആസ്തികൾ | തുക ₹ |
|---|---|---|---|---|---|
| 1. | ഓഹരി-എ ക്ലാസ് | 60,000 | 1. | ക്യാഷ് ഇൻ ഹാന്റ് | 32 |
| | ഓഹരി-ബി ക്ലാസ്സ് | 1,000 | | | |
| 2. | തേയ്മാന ഫണ്ട് | 28,701.60 | 2. | സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇൻവെസ്റ്റഡ് | 500 |
| 3. | റിസർവ്വ് ഫോർ ഡ്യൂ ടു | 1,21,200 | 3. | മിസലേനിയസ് | 552 |
| 4. | സെക്യൂരിറ്റി ഡെപ്പോസിറ്റ് | 500 | 4. | ഫർണിച്ചർ | 8,975 |
| 5. | ഇന്ററസ്റ്റ് പേയബിൾ | 549.50 | 5. | ഫിക്സ്ചേഴ്സ് & ഫിറ്റിംഗ്സ് | 450 |
| 6. | സിൽബന്തി ചെലവ് | 15,600 | 6. | വർക്ക് ടൂൾസ് | 22,572.70 |
| 7. | അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യൂ ബൈ | 1,90,737.80 | 7. | അഡ്ജസ്റ്റിംഗ് ഹെഡ്സ് ഡ്യൂ ടു | 1,21,200 |
| | | | 8. | അറ്റ നഷ്ടം | 2,84,574.20 |
| | ആകെ | 4,18,288.90 | | ആകെ | 4,38,855.90 |

മേൽ നടപടികൾക്ക് ശേഷം സംഘം കണക്കിൽ ആസ്തി ബാധ്യതകൾ യാതൊന്നും ബാക്കി നിൽപ്പില്ല. നിയമവിധേയമായ നടപടികൾ പൂർത്തീകരിച്ച് അന്തിമ പൊതുയോഗം 2018-ന് വിളിച്ച് ചേർക്കുകയും നാളിതുവരെയുള്ള നടപടികൾ റിക്കാർഡാക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പ് 73 (3)-ന് വിധേയമായി നാളിതുവരെയുള്ള നടപടികളുടെ റിപ്പോർട്ട് പരാമർശം (6) പ്രകാരം ലിക്വിഡേറ്റർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ചതിനാൽ സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് ഉത്തരവാക്കാവുന്നതാണെന്ന് പരാമർശം (7) പ്രകാരം മഞ്ചേരി അസിസ്റ്റന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

മലപ്പുറം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം എം. 546-ന്റെ അന്തിമ സമാപ്തീകരണം സംഘം ലിക്വിഡേറ്റർ പൂർത്തീകരിച്ചതിനാൽ ടി സംഘത്തിന്റെ രജിസ്ട്രേഷൻ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘത്തിന്റെ റിക്കാർഡുകൾ കേരള സഹകരണ സംഘം നിയമം 1969 ചട്ടം 70 പ്രകാരം മൂന്ന് വർഷക്കാലം സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ടി കാലാവധിക്കുശേഷം ഈ ഓഫീസിന്റെ അനുമതിക്ക് വിധേയമായി നശിപ്പിക്കാവുന്നതുമാണ്.

സഹകരണസംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).